പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.533 — 26.10.2016-ൽ മറുപടിക്ക്.

## ഇതരസംസ്ഥാന തൊഴിലാളികൾക്കായി നടപ്പിലാക്കിയ ക്ഷേമ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ബി.സത്യൻ<br>ശ്രീ. ജെയിംസ് മാത്യു<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.സി.കെ. ഹരീന്ദ്രൻ | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതരസംസ്ഥാന തൊഴിലാളികൾക്കായി നടപ്പിലാക്കിയ ക്ഷേമ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകളിലെ ജീവിത/ ശുചിത്വ നിലവാരം പരിതാപകരമാണെന്ന് ബോദ്ധ്യപ്പെട്ടതിനെ തുടർന്ന്, തൊഴിലാളികളുടെ സൗകര്യവും ശുചിത്വവും ഉറപ്പ് വരുത്തുന്നതിനായി 9 നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 03.08.2016-ൽ സ.ഉ (സാ.ധാ) 960/16/തൊഴിൽ നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. ടി ഉത്തരവിലെ നിർദ്ദേശങ്ങൾ കർശനമായി നടപ്പിലാക്കാൻ എല്ലാ ജില്ലാ ലേബർ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവർക്ക് മെഡിക്കൽ ക്യാമ്പ് നടത്തുവാനും വിവിധ വിഷയങ്ങളിൽ ബോധവൽക്കരണം നടത്തുവാനുമായി 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) ഇവർക്കായി 'ആവാസ് 'എന്ന പേരിൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (ബി) & (സി) ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ട് 'ആവാസ്' എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്ന കാര്യം സജീവമായ പരിഗണനയിലാണ്. പദ്ധതി |

| | | | |
|---|---|---|---|
| | | | പ്രാബല്യത്തിൽ വരുന്നതോടുകൂടി ഇൻഷുറൻസ് പദ്ധതി മുഖേന ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സുരക്ഷിതത്വം ഉറപ്പു വരുത്താനും അതോടൊപ്പം വിവരശേഖരണം നടത്തി ഡാറ്റാബാങ്ക് തയ്യാറാക്കുവാനും തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുവാനും കഴിയും. |
| (സി) | ഇതിന്റെ ഉദ്ദേശ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ | | |
| (ഡി) | ഇതരസംസ്ഥാന തൊഴിലാളികളുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് സഹായം നൽകാനും രജിസ്ട്രേഷൻ നടപടികൾക്കുമായി എല്ലാ ജില്ലാ ലേബർ ഓഫീസുകളിലും ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ഡി) | ഉണ്ട് |
| (ഇ) | ഇവർക്ക് മെച്ചപ്പെട്ട പാർപ്പിട സൗകര്യം ഒരുക്കുന്നതിന് എന്തെങ്കിലും പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഇ) | തൊഴിൽ വകുപ്പിന്റെ കീഴിലുള്ള 'ഭവനം ഫൗണ്ടേഷൻ കേരള' നടപ്പിലാക്കി വരുന്ന ഭവനപദ്ധതികളിലൊന്നാണ് 'അപ്നഘർ' പദ്ധതി. ഇതര സംസ്ഥാന തൊഴിലാളികൾക്ക് വേണ്ടി ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയമാണീ പദ്ധതി വഴി നടപ്പിലാക്കുന്നത്. ഇതിന്റെ ആദ്യ സ്കീം പാലക്കാട് ജില്ലയിലെ കിൻഫ്ര, കഞ്ചിക്കോട് - ആരംഭിച്ചിട്ടുണ്ട്. 768 പേർക്ക് എല്ലാ വിധ സൗകര്യങ്ങളുമുള്ള ഹോസ്റ്റലാണിവിടെ പണിതു വരുന്നത്. ടി മാതൃകയിൽ തിരുവനന്തപുരം/എറണാകുളം/കോഴിക്കോട് നഗരങ്ങളിലും ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി പാർപ്പിട സൗകര്യം നിർമ്മിക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

കേരള സർക്കാർ

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ് - ഇതര സംസ്ഥാന തൊഴിലാളികളുടെ ലേബർ ക്യാമ്പുകളിലെ ശുചിത്വ/ താമസ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നത് ഉറപ്പാക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്

സ.ഉ (സാധാ)നം. 960/2016/തൊഴിൽ തിരുവനന്തപുരം, തീയതി, 03.08.2016.

---

പരാമർശം:- 1) 1970-ലെ കരാർ തൊഴിലാളി (നിയന്ത്രണവും നിർമ്മാജ്ജനവും) നിയമം - 1974-ലെ കേരളാ ചട്ടങ്ങളും.
2) അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി (തൊഴിൽ നിയന്ത്രണവും സേവന വ്യവസ്ഥകളും) നിയമം- 1983-ലെ കേരളാ ചട്ടങ്ങളും.
3) 1996-ലെ നിർമ്മാണ തൊഴിലാളി (തൊഴിൽ നിയന്ത്രണവും സേവന വ്യവസ്ഥകളും) നിയമം-1998ലെ കേരളാ ചട്ടങ്ങളും
4) 29.06.2016-ലെ തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ലേബർ കമ്മീഷണർക്ക് നൽകിയ 101/എ.സി.എസ്.എൽ & എസ്/2016 നമ്പർ കുറിപ്പ്.
5) 07.07.2016, 25.07.2016 എന്നീ തീയതികളിലെ ലേബർ കമ്മീഷണറുടെ ജി (4) 2720/2015 നമ്പർ കത്തുകൾ.

## ഉത്തരവ്

ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകളിലെ ജീവിത/ ശുചിത്വ നിലവാരം വളരെ പരിതാപകരമാണെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഇതര സംസ്ഥാന തൊഴിലാളികളുടെ ലേബർ ക്യാമ്പിലെ ജീവിത സൗകര്യവും ശുചിത്വവും ഉറപ്പുവരുത്തുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഒരു തൊഴിലുടമ/ കരാറുകാരൻ ഇതര സംസ്ഥാന തൊഴിലാളിയെ കുടുംബസമേതം പാർപ്പിക്കുന്നുവെങ്കിൽ ടി കുടുംബത്തിന് 10 ചതുരശ്ര മീറ്ററുള്ള ഒരു മുറിയും, വരാന്തയും, ഭക്ഷണം പാചകം ചെയ്യുന്നതിനുള്ള സ്ഥലവും, ശൗചാലയവും കുളിമുറിയും നൽകുക. എന്നാൽ ഒന്നിലധികം കുടുംബങ്ങൾ താമസിക്കുന്ന സ്ഥലത്ത് മുകളിൽ പറഞ്ഞ രീതിയിൽ താമസ സൗകര്യം ഒരുക്കേണ്ടതും ഓരോ മൂന്ന് കുടുംബങ്ങൾക്കുമായി ഒരു ശൗചാലയവും ഒരു കുളിമുറിയും എങ്കിലും നൽകേണ്ടതുമാണ്. ശൗചാലയങ്ങളിൽ ആവശ്യത്തിന് വെള്ളവും വെളിച്ചവും സ്വകാര്യതയും ലഭ്യമാക്കണം. (അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി ചട്ടം 44(i)).
2. കുടുംബസമേതമല്ലാതെ താമസിക്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഓരോ പത്ത് തൊഴിലാളികൾക്കും വരാന്തയോട് കൂടിയ വൃത്തിയും വായുസഞ്ചാരവും വെളിച്ചവും വൈദ്യുതീകരിച്ചതുമായ കുറഞ്ഞത് 6.5 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള മുറി സൗകര്യം തൊഴിലുടമ നല്കേണ്ടതാണ്. ഇതോടൊപ്പം പാചകം ചെയ്യാനുള്ള സൗകര്യം നല്കേണ്ടതാണ്. ഇവർക്ക് പൊതു ശൗചാലയവും കുളിമുറിയും നല്കേണ്ടതാണ്. (അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി ചട്ടം 44(ii)).

3. തൊഴിൽശാലകളിൽ തൊഴിലെടുക്കുന്ന ഓരോ 25 തൊഴിലാളികൾക്കും വെള്ളവും വെളിച്ചവും ശുചിത്വവുമുള്ള ഓരോ ശൗചാലയം ഉണ്ടായിരിക്കേണ്ടതാണ്. ശൗചാലയങ്ങൾക്ക് പ്രത്യേകം പ്രത്യേകം ഭിത്തി തിരിച്ച് അടച്ചുറപ്പുള്ള വാതിൽ ഉണ്ടായിരിക്കണം. (കരാർ തൊഴിലാളി ചട്ടം 51).
4. നൂറ് വരെ തൊഴിലാളികളുള്ള തൊഴിലിടങ്ങളിൽ ഓരോ 25 പേർക്കും ഒരു ശൗചാലയവും. അതിന് മുകളിൽ 500 വരെ തൊഴിലാളികൾക്കുള്ള ഇടങ്ങളിൽ 50 തൊഴിലാളികൾക്ക് മുകളിൽ പറഞ്ഞിരിക്കുന്നതുപോലെയുള്ള ഓരോ ശൗചാലയവും നല്കേണ്ടതാണ്. (കരാർ തൊഴിലാളി ചട്ടം 51).
5. സ്ത്രീ തൊഴിലാളികൾക്കും പുരുഷന്മാർക്കും പ്രത്യേകം പ്രത്യേകം ശൗചാലയങ്ങൾ മുകളിൽ പറഞ്ഞിരിക്കുന്ന ക്രമത്തിൽ നല്കേണ്ടതും തൊഴിലാളികൾക്ക് മനസ്സിലാകുന്ന ഭാഷകളിൽ 'for women only' 'for men only' എന്ന് സൂചന നല്കേണ്ടതുമാണ്. (കരാർ തൊഴിലാളി ചട്ടം 53).
6. തൊഴിലാളികൾക്ക് താമസസ്ഥലത്തും ജോലി സ്ഥലങ്ങളിലും ആവശ്യമായ കുടിവെള്ളം ലഭ്യമായിരിക്കണം. (അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി ചട്ടം 38).
7. നൂറോ അതിൽ കൂടുതലോ ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്ന തൊഴിൽ സ്ഥലങ്ങളിൽ കാന്റീൻ സൗകര്യം ലഭ്യമാക്കേണ്ടതാണ്. കാന്റീനിൽ ഡൈനിങ് ഹാൾ, കിച്ചൻ, സ്റ്റോർ റൂം, പാൻട്രി, വാഷിംഗ് സൗകര്യം എന്നിവ ഉണ്ടായിരിക്കേണ്ടതാണ്. (അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി ചട്ടം 40).
8. ഇരുപതോ അതിൽ കൂടുതലോ സ്ത്രീകളായ അന്യസംസ്ഥാന തൊഴിലാളികളെ ജോലിക്ക് നിയമിച്ചിട്ടുള്ള തൊഴിലിടങ്ങളിൽ അവരുടെ കുട്ടികൾക്കായി ക്രഷ് സൗകര്യം ഉണ്ടായിരിക്കേണ്ടതാണ്. ഇവിടെ കുട്ടികളുടെ കളിസ്ഥലമായി ഒരു മുറിയും കുട്ടികൾക്ക് കിടപ്പുമുറി ആയി ഒരു മുറിയും പ്രത്യേകം ഉണ്ടായിരിക്കേണ്ടതാണ്. കളിസ്ഥലമായി ഉപയോഗിക്കുന്ന മുറിയിൽ ആവശ്യാനുസരണം കളിക്കോപ്പുകളും കിടപ്പുമുറിയിൽ ആയതിനുള്ള സൗകര്യങ്ങളും ഉണ്ടായിരിക്കേണ്ടതാണ്. (അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി ചട്ടം).
9. താമസസ്ഥലത്തും പരിസരത്തും അപകടകരമായ രീതിയിൽ നിർമ്മാണ സാമഗ്രികൾ കൂട്ടിയിടാൻ പാടില്ല. (നിർമ്മാണ തൊഴിലാളി ചട്ടം 49).

മുകളിൽ നിർദ്ദേശിച്ചിരിക്കുന്ന സൗകര്യങ്ങൾ ഉറപ്പുവരുത്താത്ത പക്ഷം ലേബർ കമ്മീഷണർ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഈ സർക്കാർ ഉത്തരവിന്റെ ഇംഗ്ലീഷ് പരിഭാഷ ഉടൻ പ്രസിദ്ധീകരിക്കുന്നതായിരിക്കും.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ടോം ജോസ്,
അഡീഷണൽ ചീഫ് സെക്രട്ടറി.

ലേബർ കമ്മീഷണർ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ (ആമുഖ കത്ത് സഹിതം)
ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് (പ്രസിദ്ധീകരണത്തിന്)
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

Section Officer